LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

85 (2904) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുവേണ്ടി ശ്രീമതി ഗിരിജ, പാടത്ത് കാപ്പുമ്മൽ, പേരാമ്പ്ര പി.ഒ, കൊയിലാണ്ടി കോഴിക്കോട് ജില്ല നൽകിയ അപേക്ഷയിന്മേൽ നാളിതുവരെയായി ധനസഹായം ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകയ്ക്ക് ധനസഹായം അനുവദിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കുമോ ;

ഉത്തരം

(എ&ബി) ശ്രീമതി ഗിരിജ, പാടത്ത് കാപ്പുമ്മൽ, പേരാമ്പ്ര പി.ഒ., കൊയിലാണ്ടി, കോഴിക്കോട് ജില്ല എന്നിവർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം ലഭിക്കുന്നതിനുവേണ്ടി സമർപ്പിച്ചതായി പറയുന്ന അപേക്ഷ ലഭിച്ചതായി കാണുന്നില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

86 (2905) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിലും ലഭിക്കുന്നതിലും കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്തുകൊണ്ട്, സാമ്പത്തിക പ്രതിസന്ധി ഇതിന് തടസ്സമാകുന്നുണ്ടോ ;

(ബി) ധനസഹായം അനുവദിച്ചുവെന്ന അറിയിപ്പ് ലഭിച്ച റാന്നി നിയോജക മണ്ഡലത്തിലെ പലർക്കും മാസങ്ങൾ കഴിഞ്ഞിട്ടും ആയത് ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തു നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;

(സി) അനുവദിച്ച ധനസഹായത്തിനായി, അപകടമരണം നേരിട്ടവരുടെ ആശ്രിതർക്കും പ്രായമേറിയവർക്കും കടുത്ത രോഗബാധിതർക്കും ഓഫീസുകൾ കയറിയിറങ്ങേണ്ട അവസ്ഥ ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇത്തരം ആളുകൾക്ക് ധനസഹായം അനുവദിച്ചെന്ന